# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **1742** 16.02.2016-ൽ മറുപടിക്ക്

## <u>സേവനാവകാശ നിയമം</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി.യു.കുരുവിള** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സേവനാവകാശനിയമം നടപ്പാക്കിയതിലൂടെ സർക്കാർ ഓഫീസുകളിലെ സേവനം ഏറ്റവും വേഗത്തിലും അഴിമതി രഹിതവുമായി പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് സ്വീകരിക്കുവാൻ പോകുന്ന നടപടികൾ വ്യക്തമാക്കുമോ ; | (എ) സേവനാവകാശനിയമം നടപ്പാക്കിയതിലൂടെ സർക്കാർ ഓഫീസുകളിലെ സേവനം ഏറ്റവും വേഗത്തിലും അഴിമതി രഹിതവുമായി പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവ ഇപ്രകാരമാണ് :<br>കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങൾ ചട്ടം 6 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളുടെയും / സ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡിൽ, സേവനാവകാശ ആക്ടിന്റെ പരിധിയിൽ വരുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നും രണ്ടും അപ്പീൽ അധികാരികൾ എന്നിവയും ഓരോ സേവനവും ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളെപ്പറ്റിയുള്ള വിവരവും, പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധമായ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിനും, സേവനാവകാശ നിയമവും ചട്ടങ്ങളും കർശനമായി പാലിക്കുന്നതിനും എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം |

| | | | |
|---|---|---|---|
| | | | പരിശോധിക്കുന്നതിലേയ്ക്ക് പരിശോധനാ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | പൊതുജനങ്ങളുടെ അപേക്ഷകളിന്മേൽ നിശ്ചിത സമയത്തിനകം തീരുമാനം എടുക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; | (ബി) | നിശ്ചിത സമയപരിധിക്കുള്ളിൽ ഒരു സേവനം ലഭിക്കുന്നതിന് അർഹതയുള്ളയാളിന്റെ അപേക്ഷയിന്മേൽ നിശ്ചിത സമയപരിധിക്കകം തീരുമാനം ഉണ്ടാകാത്ത പക്ഷം അപേക്ഷകന് അതത് ഓഫീസുകളിൽ അപ്പീൽ സമർപ്പിക്കുന്നതിനും കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് പിഴ ഈടാക്കുന്നതടക്കമുള്ള ശിക്ഷണനടപടികൾ സ്വീകരിക്കുന്നതിനും കേരള സംസ്ഥാന സേവനാവകാശ നിയമം, 2012-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | സർക്കാർ ഓഫീസുകളുടെ പ്രവർത്തനം നിരീക്ഷിക്കാൻ നടപടികൾ ഉണ്ടാകുമോ ; | (സി) | സേവനാവകാശ നിയമവും ചട്ടങ്ങളും കർശനമായി പാലിക്കുന്നതിനും എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിലേയ്ക്ക് പരിശോധനാ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലെ വർക്ക്സ്റ്റഡി ടീമുകൾ വിവിധ സർക്കാർ ഓഫീസുകളിൽ പ്രവൃത്തിപഠനം/ ഇൻസ്പെക്ഷൻ നടത്തുമ്പോൾ ഓഫീസുകളുടെ പൊതുവായ പ്രവർത്തന രീതിയും കാര്യക്ഷമതയും സംബന്ധിച്ച വസ്തുതകൾ പരിശോധിക്കാറുണ്ട്. പ്രവൃത്തിപഠനം/ ഇൻസ്പെക്ഷൻ സംബന്ധിച്ച റിപ്പോർട്ടുകളിൽ ഓഫീസുകളുടെ പ്രവർത്തന രീതിയും |

കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ ഉൾപ്പെടുത്താറുണ്ട്. ഇതു സംബന്ധിച്ച് 20.10.2015-ൽ 11912/എ.ആർ.6(1)/15/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം പുതുക്കിയ വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) നല്ല രീതിയിൽ സേവനം നൽകുന്ന സർക്കാർ ജീവനക്കാർക്കും ഓഫീസുകൾക്കും വാർഷിക ഇൻക്രിമെന്റും മെറിറ്റ് അവാർഡുകളും നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ? | (ഡി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.